# MIS PUBLIC SCHOOL

# ACADEMIC MASTER PLAN 2025-26

ആമുഖം :

കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമ പഞ്ചായത്തിലെ മുണ്ടലൂർ പ്രദേശത്തെ വിദ്യാഭ്യാസ പരമായും സാംസ്കാരികപരമായും ഉന്നതിയിലെത്തിച്ച് മുണ്ടലുർ പ്രദേശത്തെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുക എന്ന ലക്ഷ്യത്തോടു കൂടി സുലൈമാൻ സീതി എന്നവരുടെ നേതൃത്വത്തിൽ കുഞ്ഞിപ്പുതിയ വീട്ടീൽ മൊയ്തീൻ തൃക്കൈപ്പറമ്പത്ത് മൊയ്തീൻ കുട്ടി അസൈനാർ എന്നവരുടെ സഹായത്തോടെ 1915-ൽ മുണ്ടലൂർ മാപ്പിള എൽ.പി സ്കൂൾ പ്രവർത്തനം ആരംഭിച്ചു. പിന്നീട് സ്കൂളിന്റെ പ്രവർത്തന മികവിന് ഊന്നൽ നൽകാൻ വേണ്ടി മൗഈനുൽ ഇസ്ലാം സഭ ഏറ്റെടുക്കുകയും ഒ.സുലൈമാൻ ഹാജിയെ കറസ്പോണ്ടന്റ് മാനേജരായി നിയമിക്കുകയും ചെയ്തു. 2015 മെയ് മാസം മാനേജരായിരുന്ന ഒ.സുലൈമാൻ ഹാജിയുടെ നിര്യാണത്തെ തുടർന്ന് പി.അബ്ദുൾ മജീദിനെ മാനേജരായി നിയമിച്ചു. ഇപ്പോൾ പി.അബ്ദുൾ മജീദ് മാനേജറായും, ഇ. ശ്രീപ ഹെഡ്മിസ്ട്രസായും, ടി. അബ്ദുൾ ഖാദർ പി.ടി.എ പ്രസിഡന്റായും സ്കൂൾ പ്രവർത്തിച്ചു വരുന്നു.

1 മുതൽ 4 വരെ ക്ലാസുകളുള്ള ഈ വിദ്യാലയത്തിൽ പ്രധാന അധ്യാപികയും സഹാധ്യാപകരും ഒരു അറബിക് അധ്യാപകനും സേവനം ചെയ്തു വരുന്നു. മാനേജ്മെന്റ് കമ്മിറ്റിയുടെ കീഴിൽ 2011 മുതൽ പ്രി പ്രൈമറി (LKG,UKG) പ്രവർത്തിക്കുകയും 2 അധ്യാപികമാർ സേവനം ചെയ്തും വരുന്നു.

## നേട്ടങ്ങൾ:-

കാലഘട്ടത്തിന് അനുസരിച്ച് മാറ്റങ്ങൾ ഉൾക്കൊണ്ടാണ് നമ്മുടെ വിദ്യാലയം എന്നും മുന്നോട്ട് പോയിട്ടുള്ളത്, കണ്ണൂർ ജില്ലയിൽ തന്നെ ഏറ്റവും മികച്ച രീതിയിൽ ഒരേക്കറോളം സ്ഥലത്ത് വിശാലമായ പോസ്റ്റ് കെ.ഇ ആർ കെട്ടിട മാണ് ഇന്നു നമുക്കുള്ളത്. മുസ്ലീം കലണ്ടർ പ്രകാരം പ്രവർത്തിച്ചു വന്നിരുന്ന വിദ്യാലയം ഇപ്പോൾ ജനറൽ കലണ്ടർ പ്രകാരമാണ് പ്രവർത്തിച്ചു വരുന്നത്. പ്രി പ്രൈമറിയിലടക്കം 100 ഓളം വിദ്യാർത്ഥികൾ ഇവിടെ പഠനം നടത്തി വരുന്നു.

വിദ്യാലയം കലാകായിക പ്രവർത്തി പരിചയമേളകളിൽ പങ്കെടുക്കുകയും മികവാർന്ന പ്രകടനങ്ങൾ കാഴ്ചവെക്കുകയും ചെയ്തു വരുന്നു. ആറോളം കമ്പ്യൂട്ടറുള്ള കമ്പ്യൂട്ടർ ലാബും വിശാലമായ ഓഫീസ് മുറിയും പ്ലേ ഗ്രൗണ്ടും മികച്ച സൗകര്യങ്ങളുള്ള ഒരു പാചക ശാലയും ഇന്നു നമുക്കുണ്ട്.

വിദ്യാർത്ഥികളിൽ വായനാശീലം വളർത്തുന്നതിനു വിജ്ഞാന വർദ്ധനവിനു ഉതകുന്ന പുസ്തകങ്ങൾ അടങ്ങിയ മികച്ച ലൈബ്രറി സംവിധാനവും 4 ക്ലാസിലും മികച്ച ക്ലാസ് ലൈബ്രറികളും വിദ്യാലയത്തിനുണ്ട്. വിദ്യാർത്ഥിനികളുടെ യാത്രാ പ്രശ്ന പരിഹാരത്തിനായി വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

## പൊതു ലക്ഷ്യങ്ങൾ :-

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതത് ക്ലാസുകളിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ച് എന്ന് ഉറപ്പു വരുത്തുക.
- ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻ കൂട്ടി തയ്യാറാക്കി രക്ഷിതാക്കളെ അറിയിക്കുക.
- കുട്ടിയുടെ സർഗപരവും അക്കാദമിക പരവും കായിക പരവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് സബ്ജില്ല, ജില്ലാ തലത്തിൽ ശ്രദ്ധേയമായ പൗരന്മാരാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി എന്നീ ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
- " ക്യാമ്പസ് ഒരു പാഠപുസ്തകം " എന്ന രീതിയിൽ സ്കൂൾ ക്യാമ്പസിനെ മാറ്റിയെടുക്കുക.
- വായന പരിപോഷിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരങ്ങൾ ഒരുക്കുക.
- സമയാസമയങ്ങളിൽ ആശയപ്രകടനത്തിനും ആവിഷ്കാരത്തിനും ഉള്ള അവസരങ്ങൾ ഒരുക്കുക.
- രക്ഷിതാക്കളുടെ വായന പരിപോഷിപ്പിക്കുക.
- അക്കാദമിക നിലവാരം ഉയർത്തി മലയാളം മീഡിയം ക്ലാസുകളോടൊപ്പം ഇംഗ്ലീഷ് മീഡിയം ഡിവിഷനുകളും ആരംഭിക്കുക
- പരിസര ബന്ധിത പഠനത്തിന് അനുയോജ്യമായ രീതിയിൽ സ്കൂൾ ചുറ്റുപാട് ഒരുക്കുക

## ഭാഷ (മലയാളം) :-

വായിച്ചു വളരുക, ചിന്തിച്ചു വിവേകം നേടുക എന്ന മഹത് വചനത്തിനു വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടേയും എഴുത്തിന്റേയും പാതയിലേക്ക് നയിക്കാൻ ഒരു മഹത്സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളേയും മികച്ച വായനക്കാരാക്കുക ഈ ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെക്കൂടി മുൻധാരയിലെത്തിച്ച് വായനും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള ഒരു സംരംഭം

മലയാള പഠനത്തിൽ മുൻ പന്തിയിൽ നിൽക്കുന്ന കുട്ടികൾ പിന്നാക്കം നിൽക്കുന്ന കുട്ടികളെ സഹായിച്ച് അവരുടെ ഒഴിവ് സമയം ഫലപ്രദമാക്കുന്നു.

ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേക മൂല്യ നിർണയ പ്രവർത്തനങ്ങൾ - ചുരുക്കത്തിൽ കുട്ടികളുടെ മലയാള ഭാഷ പഠനത്തിൽ എല്ലാ അധ്യാപകരുടെയും പങ്കാളിത്തവും സഹകരണവും സ്കൂളിന്റെ ഉയർച്ചയിൽ നല്ല പങ്കു വഹിക്കുന്നു.

## കണ്ടെത്തിയ പരിമിതികൾ :-

1. 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
2. ചിലർക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉറച്ചിട്ടില്ല.

| SL.NO | പരിഹാരബോധനം | പ്രവർത്തനം | കാലയളവ് |
| --- | --- | --- | --- |
| 1 | ഭാഷപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>(മലയാളത്തിളക്കം) | 1. Pre-test<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം- അടിക്കുറുപ്പ്<br>9. ചിത്രം- കഥപറയൽ<br>10. ചിത്രം-കഥ എഴുതൽ<br>11. കഥ- ബാക്കി എഴുതൽ<br>12. കഥാപുസ്തകം നൽകൽ<br>13. C.D- ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ | ജൂൺ- ആഗസ്റ്റ്<br>ആഗസ്റ്റ്- മാർച്ച് |

| SL.NO | പരിഹാരബോധനം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനാക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീക രിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. അമ്മ വായന<br>7. പുസ്തകചർച്ച<br>8. വായനാനുഭവം പങ്കു വയ്ക്കൽ<br>9. വായനാക്കുറിപ്പ് പതിപ്പ്(അച്ചടിച്ച പതിപ്പ്)<br>10. വിദ്യാരംഗം കലാ സാഹിത്യ വേദി പ്രവർത്തനം<br>11. ബാലസഭ<br>12. ദിനാചരണങ്ങൾ<br>13. ആനുകാലിക പ്രസിദ്ധീ കരണങ്ങളും വായ നയും<br>14. ആസ്വാദകരമായ വായന<br>15. വായനക്കൂട്ടം മോണിറ്റ റിംഗ്<br>16. കാവ്യക്കൂട്ടം | ജൂൺ - മാർച്ച് |

| SL.NO | പരിഹാരബോധനം | പ്രവർത്തനം | കാലയളവ് |
| --- | --- | --- | --- |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തു കൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം<br>2. പുസ്തക ചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനക്കുറിപ്പ് പതിപ്പ്<br>5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>6. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>7. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ<br>8. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>9. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>10. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>11. ബാലസഭ<br>12. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13. വ്യക്തിഗത രചന, സംഘ രചന | മധ്യമം |

## ഗണിതം :-

ഗണിതം മനോഹരമായ ഒരു ചങ്ങലയാണ്. അതിലെ കണ്ണികൾ ക്രമമായി അടുക്കിയാൽ മാത്രമേ ഗണിതപഠനം രസകരമാവൂ. ഗണിതാശയങ്ങളിലെ യാന്ത്രികത ഉപേക്ഷിക്കാനും പരമാവധി ജീവിത സാഹചര്യങ്ങളുടെ അകമ്പടിയോടെ ഗണിത പ്രശ്നങ്ങളെ അവതരിപ്പിക്കാൻ ഉതകുന്ന പഠനപ്രവർത്തനങ്ങൾ തന്നെയാണ്. ജ്ഞാനനിർമ്മിതിയിൽ എത്തിക്കുന്നത്. എങ്കിലും ചില പ്രയാസങ്ങളും പരിമിതികളും ഗണിതാധ്യപകർ നേരിടുന്നു. കുട്ടികളിൽ ഗണിതശേഷികൾ വളർത്തുന്നതോടൊപ്പം തന്നെ ഗണിത പഠനത്തിൽ താല്പര്യം ജനിപ്പിക്കേണ്ടതുമാണ്.

## കൈത്താങ്ങായി കാവലാളായി

1. ഗണിതപഠനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന കുട്ടികൾ, ഗണിത പഠനത്തിൽ പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് കൈത്താങ്ങായി അവരുടെ ഒഴിവ് സമയം ഫലപ്രദമാക്കുന്നു.
2. ക്ലാസ് അധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേക മൂല്യ നിർണ്ണയ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തന പദ്ധതിയുടെ വിശകലനം

മേഖല : അക്കാദമിക്

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് |
|---|---|---|---|
| 1. | ഗണിതത്തിന്റെ ആവശ്യകത, ഗണിതപഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക | • ഗണിതത്തിന്റെ ചരിത്രവും പ്രാധാന്യവും , ഗണിത ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രം കുട്ടികളുമായി പങ്കുവെക്കുക | ഹ്യസ്വം |

| | | | |
|---|---|---|---|
| 2 | ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കവസ്ഥ പരിഹരിക്കൽ | • അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു<br>• ചോദ്യാവലി ഉണ്ടക്കുന്നു.<br>• പ്രീ-ടെസ്റ്റ്<br>• മൂല്യ നിർണ്ണയം<br>• റിസൾട്ട് രേഖപ്പെടുത്തുന്നു.<br>• റിപ്പോർട്ട് തയ്യാറാക്കുന്നു<br>• എസ്.ആർ.ജി യിൽ അവതരണം<br>• സംഖ്യാ ബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ, കുട്ടികൾ മുൻ ക്ലാസുക ളിൽ നേടേണ്ട ശേഷികൾ കണക്കിലെടുത്തു കൊണ്ട് പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായും നല്കുന്നു.<br>• വർക്ക് ഷീറ്റുകൾ നല്കുന്നു.<br>• രക്ഷിതാക്കൾക്ക് ക്ലാസുകൾ നല്കുന്നു. | ഹൃസ്വം |
| 3. | ഗണിതാസ്വാദനം | • ഗണിതം പരീക്ഷണ വസ്തു ആക്കാതെ ഗണിതസമസ്യകളുടെ സാമൂഹികപരമായും ബുദ്ധിപരവുമായ മാനങ്ങൾ വിശദീകരിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ അതാതു ക്ലാസിലെ പഠന നേട്ടങ്ങളുമായി തട്ടിച്ചു കൊണ്ടും തുടർപ്രവർത്തനത്തിനു സാധ്യത | ജൂൺ - മാർച്ച് |

| | | | |
|---|---|---|---|
| | | യുള്ളതുമായ പഠനപ്രവർത്തന ങ്ങൾ ആസൂത്രണം ചെയ്ത് നട പ്പിലാക്കുന്നു. | |

| | | | |
|---|---|---|---|
| | | • പാഠാസൂത്രണങ്ങൾ ഫലപ്രദ മായി ആസൂത്രണം ചെയ്യുന്നു.<br>• ക്വിസ്സ് മത്സരങ്ങൾ, പസ്സിനുകൾ, കുസൃതിക്കണക്കുകൾ എന്നിവ കണ്ടെത്തി ആസൂത്രണം ചെയ്യു ന്നു.<br>• ഐ.ടി.സി സാധ്യത | ജൂൺ - മാർച്ച് |
| 4. | ഗണിതക്ലബ്ബ് രൂപീകരണം | ഒരോ ക്ലാസിലേയും 1/4 ഭാഗം കുട്ടി കൾ ഗണിത ക്ലബ്ബിൽ അംഗങ്ങളായി രിക്കും<br>• ക്ലബ്ബിലെ പ്രവർത്തനങ്ങൾ മുഴു വൻ കുട്ടികളേയും ഉൾപ്പെടുത്തി ക്കൊണ്ട് ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നു.<br>• പഠനോപകരണങ്ങൾ ആവശ്യമാ യവ കണ്ടെത്തുന്നു. | ജൂൺ - മാർച്ച് |

| | | | |
|---|---|---|---|
| 6. | ഗണിതസമസ്യകളുടെ ചരിത്ര പരമായും, സാമൂഹിക മായുമുള്ള മാനങ്ങൾ വിശദീകരിച്ചു കൊണ്ട് കുട്ടികളുടെ കഴിവുകളെ മുൻനിർത്തി അറിവിന്റെ സുഖം അതിനിവേശം, സാമൂഹിക ബദ്ധത എന്നിവയാണ് ഗണിത പഠനം മുന്നോട്ട് | ഗണിത മേളകൾ സംഘടിപ്പിക്കുക, പഠനോപകരണ ശില്പ ശാലകൾ (low cost, no cost) പ്രകൃതിയുടെ ഗണിത പറ്റേൺ ആസ്വദിക്കാനുള്ള അവസരം ഒരുക്കുക. | ജൂൺ- മാർച്ച് |

| | | | |
|---|---|---|---|
| | | **ഗണിത മാഗസിൻ**<br>• ഗണിതാശയങ്ങൾ, പ്രശ്നങ്ങൾ, പാറ്റേണുകൾ, ചിത്രങ്ങൾ, ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ, ആനുകാലിക സംഭവങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസ്തലത്തിലും, സ്കൂൾ തലത്തിലും ,മാഗസിൻ തയ്യാറാക്കി ഉപജില്ല, ജില്ലാമത്സരത്തിനു വേണ്ടി സമർപ്പിക്കുന്നു. | ജൂൺ - മാർച്ച് |

| | | | |
|---|---|---|---|
| | | മനക്കണക്കുകൾ<br>സ്കൂളിൽ/ ക്ലാസിൽ പൊതുവായി. ചോദ്യം ഉന്നയിക്കുന്നു. മനസ്സിൽ മാത്രം ചെയ്ത് നിശ്ചിത സമയത്തിനു ള്ളിൽ ഉത്തരം കണ്ടെത്തുന്നു. അതാത ക്ലാസിലെ പാഠ്യപദ്ധതിയുമായി ബന്ധ പ്പെട്ടതും ചിന്താശേഷിയുണർത്തു ന്നതുമായ പ്രവർത്തനങ്ങൾ | |

## പരിസര പഠനം

| | ശേഷികൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1 | ശാസ്ത്രചിന്ത വളർത്തുന്നതിന് | 1. <u>ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ</u><br>ആഴ്ചയിൽഒരുദിവസംകുട്ടികളു ടെ നേതൃത്വത്തിൽലഘുപരീക്ഷ ണങ്ങളിൽഏർപ്പെടുകയും ശാസ്ത്ര തത്വവിശദീകരിക്കു കയും ,ചെയ്യുന്നു.<br>1. ചുമർ പത്രിക നിർമ്മാണം<br>2. ശാസ്ത്രപ്രസിദ്ധീകരണങ്ങൾ വായന | ജൂൺ - മാർച്ച് |
| 2 | ശാസ്ത്ര ക്വിസ്സ് | ശാസ്ത്രഅറിവുകൾ വളർത്തുന്നതിനായിമാസത്തിൽ ഒരു ദിവസം ശാസ്ത്ര ക്വിസ്സ് സംഘടിപ്പിക്കൽ | ജൂൺ- മാർച്ച് |

# ENGLISH

| Sl.No | Programme | Aims | Activities | Duration |
|---|---|---|---|---|
| 1 | English Assembly | To enable the students to speak English a facing a group | Teacher gives a matter to speak in the assembly. Teacher gives the main point to also | July to March |
| 2 | English Magazine<br>Sweet English | Enable the Students to write Stories, Poems, and News report individually and in groups | Teacher divided the whole class into groups to make Magazine | 3 Months |
| 3 | Enrich Our English Grammer | Enriching the English Grammer in II& IV std | 1)Picture Description<br>2) Story Making<br>3) Conversation | One Year |

## അറബിക് :-

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. രൂപപ്പെടുത്തുകയും ചെയ്യുക. | <u>കൈത്താങ്ങ്</u><br>ടെസ്റ്റ് നടത്തി ഭാഷപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുന്നു അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ പച്ചക്കറി സംവിധാനവും കമ്പ്യൂട്ടറുകളും ഉപയോഗിച്ച് ഗെയിമുകൾ, ഫ്ലാഷ് കാർഡുകൾ, നിറം നൽകാൻ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു.<br>ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ. | ജൂൺ<br>മാർച്ച്<br>[illegible] | പുസ്തകങ്ങൾ,<br>കാർഡുകൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാശേ ഷി വർദ്ധിപ്പിക്കുക, പദസമ്പത്ത് അധികരിപ്പിക്കുക | <u>പുതിയ പദം പരിചയപ്പെടൽ</u><br>ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ കഥാ കവിതാ പുസ്തകങ്ങളിൽനിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ, കവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു.<br>സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകുകയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ, കാർഡുകൾ, സി ഡി കൾ |
| ഭാഷയിലെ ചെറിയ ചെറിയ ശൈലികൾ മനസ്സിലാക്കാൻ സാധിക്കുക | മാസത്തിലൊരിക്കൽ ചെറിയ ചെറിയ വാർത്തകൾ അറബി പത്രം ,പുസ്തകങ്ങൾ എന്നിവ പരിചയപ്പെടുത്തുകയും അറബിയിൽ അവതരിപ്പിക്കുകയും ചെയ്യുക. | ജൂൺ മുതൽ മാർച്ചുവരെ | പത്രം,പുസ്തകങ്ങൾ |
| ഓരോ മാസവും കുട്ടികൾ വായനാതൽപരരാവുകയും ഭാഷ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു | ജൂൺ മുതൽ മാർച്ചുവരെ | ചാർട്ടുകൾ, പുസ്തകങ്ങൾ |